(ബി) എങ്കിൽ എന്നാണ് സമർപ്പിച്ചത് ;

(സി) പ്രസ്തുത ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് അനുവാദം കൊടുക്കുന്ന കാര്യം വൈകുന്നതെന്താണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി&സി) ചോദ്യം ഉദിക്കുന്നില്ല.

ഉപ്പളയിൽ കെ. എസ്. എഫ്. ഇ. യുടെ ശാഖ

16 (1071) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.എഫ്.ഇ. യുടെ ഒരു ശാഖ ഉപ്പളയിൽ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

ഉത്തരം

കെ.എസ്.എഫ്.ഇ. നടത്തിയ പഠനത്തിൽ ഉപ്പളയിൽ ഒരു ബ്രാഞ്ച് ലാഭകരമായി പ്രവർത്തിപ്പിക്കുവാൻ സാധിക്കുകയില്ല എന്നു കണ്ടതിനാൽ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

കെ.എസ്.എഫ്.ഇ.യിലെ ഉദ്യോഗസ്ഥർക്കെതിരെയുള്ള അന്വേഷണം

17 (1072) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കെ. എസ്. എഫ്. ഇ. യിൽ ഇപ്പോൾ ഏതൊക്കെ ഉദ്യോഗസ്ഥരുടെ പേരിൽ അന്വേഷണം നടക്കുന്നുണ്ട് ; ഡിപ്പാർട്ട്മെന്റ് തലത്തിൽ നടക്കുന്ന അന്വേഷണത്തിന്റെയും, സർക്കാർ തലത്തിൽ നടക്കുന്ന അന്വേഷണത്തിന്റെയും പുരോഗതി വിശദമാക്കാമോ ;

(ബി) സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതിന് ഏതൊക്കെ ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി എടുത്തിട്ടുണ്ട് ;

(സി) മുൻ മാനേജിംഗ് ഡയറക്ടർമാരുടെ പേരിൽ നടപടികൾ ഉണ്ടായിട്ടുണ്ടോ ;

(ഡി) കെ.എസ്.എഫ്.ഇ.യിലേക്ക് സാധനങ്ങൾ വാങ്ങുന്നതിൽ അഴിമതിയും ക്രമക്കേടുകളും നടക്കുന്നുതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കെ. എസ്. എഫ്. ഇ. യിൽ ഡിപ്പാർട്ട്മെന്റ് തല അന്വേഷണവും, സർക്കാർ അന്വേഷണവും നടക്കുന്ന ഉദ്യോഗസ്ഥൻമാരുടെ പേരുവിവരം താഴെ ചേർക്കുന്നു.

1. സി. പി. മോഹനചന്ദ്രൻ, സീനീയർ മാനേജർ, ഹെഡ് ഓഫീസ്, തൃശ്ശൂർ.
2. കെ. പോക്കർ, സീനീയർ മാനേജർ, തിരുവമ്പാടി ബ്രാഞ്ച്.
3. എസ്. ലാലൻ, മാനേജർ ഗ്രേഡ്- 4, ചിറ്റൂർ ബ്രാഞ്ച്.
4. തങ്കച്ചൻ, വി. ജോസഫ്, മാനേജർ ഗ്രേഡ്- 4, ആലുവ ബ്രാഞ്ച്.
5. കെ. കൃഷ്ണൻകുട്ടി മേനോൻ, സീനീയർ മാനേജർ, റീജിയണൽ ഓഫീസ്, തൃശ്ശൂർ.
6. കെ. പി. കുര്യൻ, സീനിയർ മാനേജർ, എറണാകുളം മെയിൻ ബ്രാഞ്ച്.
7. ടി. രാമാനന്ദൻ, സീനിയർ മാനേജർ, ചേലക്കര ബ്രാഞ്ച്.
8. ടി. എം. സുരേഷ് ബാബു, മാനേജർ ഗ്രേഡ് - 4.
9. തങ്കച്ചൻ. ടി. കണ്ടാഞ്ചേരി, ആലുവ ബ്രാഞ്ച്, അസിസ്റ്റന്റ് മാനേജർ.
10. പി. കെ. രാജൻ, മാനേജർ ഗ്രേഡ്-3, ജനറൽ ഓഡിറ്റ് വിഭാഗം.
11. വി. ബാലകൃഷ്ണപിള്ള, മാനേജർ ഗ്രേഡ്-3, കുളത്തൂപ്പുഴ ബ്രാഞ്ച്.

ഗവൺമെന്റ് അന്വേഷണങ്ങൾ

1. ഡൊമിനിക് ജോർജ്, അസി. മാനേജർ, കാത്തിരപ്പള്ളി.
2. സുന്ദരേശൻ ജെ., സ്പെഷ്യൽ ഗ്രേഡ് അസിസ്റ്റന്റ് , ഹരിപ്പാട് ബ്രാഞ്ച്.
3. പി. പ്രഭാകരൻ, നീക്കം ചെയ്ത മാനേജർ

ഈ കേസുകളുടെ പുരോഗതി വിവിധ ഘട്ടങ്ങളിലാണ്.

(ബി) 98/99, 99/2000 സാമ്പത്തിക വർഷങ്ങളിൽ താഴെപ്പറയുന്ന ഉദ്യോഗസ്ഥൻമാരുടെ പേരിൽ സാമ്പത്തിക ക്രമക്കേടിനു നടപടി സ്വീകരിച്ചിട്ടുണ്ട്.

1. ആന്റോ ജോൺ, സീനിയർ മാനേജർ, ഒറ്റപ്പാലം
2. എസ്. ശോഭാകുമാരി, ടൈപ്പിസ്റ്റ്, എടത്വാ ബ്രാഞ്ച്.
3. ജി. സുധാകരൻ, മാനേജർ- 4, വാലാചേരി.
4. എം. മുരളീധരൻനായർ, സീനിയർ മാനേജർ, എച്ച്.പി.യു. തിരുവനന്തപുരം.
5. എൻ. ടി. വർഗ്ഗീസ്, സീനീയർ മാനേജർ, റീജിയണൽ ഓഫീസ്, തൃശ്ശൂർ.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇല്ല.

(ഡി) ഇല്ല, ഉദിക്കുന്നില്ല.

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ കെ. എഫ്. സി. നൽകുന്ന വായ്പ

18 (1073) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരളാ ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ വായ്പ നൽകുന്നുണ്ടോ ;

(ബി) പരമാവധി എത്ര ലക്ഷം രൂപ വരെയാണ് വായ്പ നൽകി വരുന്നത് ;

(സി) ഇങ്ങനെ നൽകുന്ന വായ്പ തിരികെ അടയ്ക്കുന്നതിനുള്ള പരമാവധി കാലാവധി എത്ര വർഷമാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഏതെല്ലാം തരത്തിലുള്ള ജാമ്യവ്യവസ്ഥകളിൽമേലാണ് വായ്പ ലഭ്യമാക്കിവരുന്നത് ;

(ഇ) വായ്പ ലഭ്യമാക്കുമ്പോൾ വ്യവസായം ആരംഭിക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒത്തിണങ്ങുന്നതനുസരിച്ച് തന്നെയാണ് വായ്പാ ഗഡു അനുവദിക്കുന്നത് എന്ന് ഉറപ്പ് വരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(എഫ്) പലപ്പോഴും വായ്പ അനുവദിച്ച് നാലും അഞ്ചും വർഷങ്ങൾ കഴിഞ്ഞതിനുശേഷമാണ് വായ്പാ ഗഡുക്കൾ വ്യവസായ സംരംഭകനു ലഭിച്ചിട്ടുള്ളത് എന്ന പരാതികൾ ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 240 ലക്ഷം രൂപ വരെ

(സി) 10 വർഷം വരെയാണ്

(ഡി) വ്യവസായ ആവശ്യങ്ങൾക്കുള്ള സ്ഥലം, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവയ്ക്കുപുറമേ സ്ഥാവര ജംഗമവസ്തുക്കളും ജാമ്യമായി ആവശ്യപ്പെടാറുണ്ട്.

(ഇ) ഉണ്ട്.

(എഫ്) ഉണ്ട്.

എക്സൈസ് നികുതി വരുമാനം

19 (1074) പ്രൊഫസർ എ. വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ-എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1995-1996, 1996-1997, 1997-1998, 1998-1999 സാമ്പത്തിക വർഷങ്ങളിലും നടപ്പു സാമ്പത്തികവർഷത്തിൽ 1999 നവംബർ 30 വരെയും എക്സൈസ് നികുതി ഇനത്തിലുള്ള വരുമാനം എത്രകോടി രൂപവീതമായിരുന്നു ;

LIBRARY ARCHIVES Kerala Legislative Assembly